>> എസ്.എ ജലീൽ

# ബന്ധങ്ങൾ ചേർക്കുന്നതിന്റെ ഇമ്പം

عَنْ عَبْدِ الله عَمْرو رَضِيَ الله عَنْهُ أَنَّ رَسُولَ اللهِ ﷺ قَالَ: لَيْسَ الوَاصِلُ بِالْمُكَافِئِ ، وَلَكِنْ الوَاصِلَ الَّذِي إِذَا قُطِعَتْ رَحِمهُ وَصَلَهَا

അബ്ദുല്ലാഹിബ്നു അംറുബ്നു ആസിൽനിന്ന് നിവേദനം. നബി(സ) പറഞ്ഞു: "ബന്ധങ്ങൾ ചേർക്കുന്നവനല്ല പ്രതിഫലാർഹൻ. അറ്റുപോയ ബന്ധങ്ങൾ അങ്ങോട്ടു പോയി ചേർക്കുന്നവനാണ് യഥാർഥത്തിൽ പ്രതിഫലാർഹൻ" (ബുഖാരി)

**അബൂബക്കർ(റ)** അഗതിയായ ഒരു മനുഷ്യന് ദിവസവും ചെലവിനു നൽകുക പതിവായിരുന്നു. അദ്ദേഹത്തിന്റെ അമ്മായിയുടെ മകനാണ് അയാൾ. ആഇശ(റ)ക്കെതിരെ ആരോപണ സംഭവമുണ്ടായപ്പോൾ ആരോപകർക്കൊപ്പം ഇയാളും ചേരുകയുണ്ടായി. ഇതറിഞ്ഞ അബൂബക്കർ(റ) അയാൾക്ക് ചെലവിനു നൽകുന്നത് നിർത്തിക്കളഞ്ഞു. എന്നാൽ, ലോകർക്കാകമാനം സാമൂഹിക വൈയക്തിക ബന്ധങ്ങളിൽ അനുവർത്തിക്കേണ്ട മാതൃക സമർപ്പിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ അദ്ദേഹത്തെ തിരുത്തി: "നിങ്ങളിൽ ശ്രേഷ്ഠ ഗുണങ്ങളും സാമ്പത്തിക സൗകര്യങ്ങളുമുള്ളവർ ബന്ധുക്കളെയും അഗതികളെയും അല്ലാഹുവിന്റെ മാർഗത്തിൽ പലായനം ചെയ്തവരെയും സഹായിക്കില്ലെന്ന് ശപഥം ചെയ്തുകൂടാ. അവർക്ക് മാപ്പു കൊടുക്കുകയും വിട്ടുവീഴ്ച കാണിക്കുകയുമാണ് വേണ്ടത്. അല്ലാഹു നിങ്ങളോട് പൊറുക്കണമെന്ന് നിങ്ങളാഗ്രഹിക്കുന്നില്ലേ? അല്ലാഹു ഏറെ പൊറുത്തു കൊടുക്കുന്നവനും കരുണാവാരിധിയുമാകുന്നു" (*അന്നൂർ* 22).

സാമൂഹിക ബന്ധങ്ങൾ നിലനിർത്തുന്നതിൽ വിശുദ്ധ ഖുർആൻ എടുത്തുപറഞ്ഞ ഈ വിട്ടുവീഴ്ചാ മനോഭാവത്തിനു വലിയ പങ്കാണുള്ളത്. ഒരിക്കലും അറ്റുപോവില്ലെന്ന് നാം കരുതിയ പല സുഹൃദ് ബന്ധങ്ങളും വ്യക്തി ബന്ധങ്ങളും നിസ്സാര കാര്യങ്ങളുടെ പേരിൽ ഇല്ലാതായതിന്റെ ഒരുപാട് നേർ ചിത്രങ്ങൾ നമുക്ക് മുമ്പിലുണ്ട്. പരസ്പരം പൊറുക്കാനും ക്ഷമിക്കാനും പൊരുത്തപ്പെടാനും കഴിയുന്ന മാനസികാവസ്ഥ വളർത്തിയെടുക്കാനാണ് ഓരോ വിശ്വാസിയും പരിശ്രമിക്കേണ്ടത്.

വ്യക്തിബന്ധങ്ങളും സാമൂഹിക ബന്ധങ്ങളും ഊട്ടിയുറപ്പിക്കാൻ വിശുദ്ധ ഖുർആനും തിരുസുന്നത്തും ധാരാളം നിർദേശങ്ങൾ നൽകിയിട്ടുണ്ട്. അതിലൊന്നാണ് മുകളിലുദ്ധരിച്ച ഹദീസ്. തന്നോട് നിരന്തരം ബന്ധം പുലർത്തുന്നവരോട് തിരിച്ചും അപ്രകാരം ചെയ്യുന്നവനെക്കാൾ പ്രതിഫലാർഹൻ അറ്റുപോയ ബന്ധങ്ങളെ ഇണക്കിച്ചേർക്കാൻ സ്വയം തയാറാവുന്നവനാണെന്ന് ഹദീസ് പഠിപ്പിക്കുന്നു.

നിസ്സാര കാര്യങ്ങളുടെ പേരിൽ ബന്ധം വഷളാവുകയും പിന്നീടത് വൈരാഗ്യത്തിലേക്കും വിദ്വേഷത്തിലേക്കും വഴിമാറുകയും ചെയ്ത അനുഭവങ്ങൾ പലർക്കുമുണ്ട്. 'ഞാനവനോട് അങ്ങനെ ചെയ്തുപോയല്ലോ/പറഞ്ഞു പോയല്ലോ' എന്ന അപകർഷബോധത്തിനടിപ്പെട്ടതു കാരണം അങ്ങോട്ടു പോയി ബന്ധം ഊഷ്മളമാക്കുന്ന രീതി പലപ്പോഴും ആരും സ്വീകരിക്കാറില്ല. യഥാർഥത്തിൽ സ്വയം തയാറായി ബന്ധം ചേർക്കാൻ ശ്രമിക്കുന്നത് ഉന്നതനിലവാരത്തിലുള്ള സ്വഭാവഗുണമാണ്; അല്ലാഹുവിന്റെയടുക്കൽ ഏറ്റം പ്രതിഫലാർഹവും. നബി(സ) പറഞ്ഞു: "ബന്ധങ്ങൾ ചേർക്കുന്നതിനേക്കാൾ പ്രതിഫലാർഹമായ മറ്റൊരു നന്മയുമില്ല. ഒരു വ്യക്തിയെ ദുനിയാവിലും ആഖിറത്തിലും ശിക്ഷക്കർഹനാക്കുന്നതിൽ ബന്ധവിഛേദത്തേക്കാൾ വലിയ പാപവുമില്ല." മറ്റൊരു മഹദ് വചനമിങ്ങനെ: "മൂന്നു സ്വഭാവ ഗുണങ്ങൾ സ്വർഗാവകാശികളുടേതാണ്. മാന്യനായ ഒരാളിൽ മാത്രമാണ് അവ ഒരുമിക്കുക. തെറ്റുകാരനോടും നന്മ പ്രവർത്തിക്കുക, അവന്റെ അക്രമത്തെ പൊറുക്കുക, തനിക്ക് ജീവിത വിഭവം നിഷേധിച്ചവനോടും ഉദാരത കാണിക്കുക എന്നിവയാണവ."

ബന്ധങ്ങൾ ചേർക്കേണ്ടത് ആദ്യം കുടുംബത്തിൽ തന്നെയാണ്. ചെറിയ അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ മാതാപിതാക്കൾക്കിടയിൽ, മക്കൾക്കിടയിൽ, മരുമക്കൾക്കിടയിൽ, കൂട്ടുകുടുംബാദികൾക്കിടയിലെല്ലാം അകൽച്ച സർവസാധാരണമായിരിക്കുന്നു. ബനൂഇസ്റാഈൽ സമൂഹത്തിന്റെ ഒരു ദുർഗുണമായി ഖുർആൻ പറയുന്നത്, അല്ലാഹു കൂട്ടിച്ചേർക്കാനാജ്ഞാപിച്ചതിനെ അവർ മുറിച്ചുകളഞ്ഞു(*അൽബഖറ* 27) എന്നാണ്. അങ്ങനെയവർ ഭൂമിയിൽ നാശം സൃഷ്ടിച്ചു എന്നും ഖുർആൻ പറയുന്നു. പവിത്രമായ ബന്ധങ്ങൾ വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും കാത്തു സൂക്ഷിക്കാത്തേടത്തോളം കെട്ടുറപ്പുള്ള ഒരു സമൂഹമുണ്ടാവില്ല. പരസ്പര വിദ്വേഷവും വൈരവും നെഞ്ചിലേറ്റുന്ന സമൂഹത്തിന്റെ പതനം നാശമാകാതെ വഴിയില്ലല്ലോ!

'ഒരു സലാം കൊണ്ടെങ്കിലും നിങ്ങൾ കുടുംബബന്ധങ്ങൾ പുലർത്തുക' (ഇബ്നു അദിയ്യ്) എന്നാണ് റസൂലിന്റെ കൽപന. അനസ്(റ) പറയുന്നു: "മൂന്നു കൂട്ടർ അന്ത്യനാളിൽ പരമകാരുണികന്റെ സിംഹാസനത്തിന്റെ തണലിലായിരിക്കും. കുടുംബബന്ധം ചേർക്കുന്നവരാണതിലൊന്നാമത്തെ വിഭാഗം. അവർക്കല്ലാഹു ദീർഘായുസ്സ് നൽകും. ഖബർ വിശാലമാക്കും. വിഭവങ്ങളിൽ ആധിക്യമുണ്ടാക്കും. ഭർത്താവ് മരണപ്പെട്ട സ്ത്രീയാണ് രണ്ടാമത്തെയാൾ. എങ്കിലുമവൾ തന്റെ അനാഥകളായ മക്കളെ അവർ മരിക്കുന്നതുവരെയോ അല്ലാഹു അവരെ സ്വയംപര്യാപ്തരാക്കുന്നതുവരെയോ പോറ്റി. ആഹാരം ഒരുക്കി അതിലേക്ക് അനാഥകളെയും ദരിദ്രരെയും ക്ഷണിക്കുന്നയാളാണ് മൂന്നാമൻ." ഇത്തരം സൗഭാഗ്യങ്ങൾ വിട്ട് താൽപര്യങ്ങൾക്ക് വേണ്ടി ഇനിയും നാം ബന്ധങ്ങൾക്ക് ഉലച്ചിൽ ഉണ്ടാക്കുന്ന പ്രവൃത്തികളിൽ ഏർപ്പെടണോ? ■

*jaleelk3@gmail.com*